

ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

## PARISH BULLETIN


ശ്ലീഹാക്കാലം - 2018

Vol.10 Issue 2



# സ്നേഹസ്മരണയ്ക്ക്

15–ാം ചരമവാർഷികം



കെ.പി. ജോസഫ്

കാഞ്ഞിരത്തുംമൂട്ടിൽ

മരണം: 17–5–2003

1–ാം ചരമവാർഷികം



ആനിയമ്മ ജോസഫ്

കാഞ്ഞിരത്തുംമൂട്ടിൽ

മരണം: 31–5–2017

## ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | - | 2 |
| ഇടയമൊഴി | - | 3 |
| വിളക്ക് | - | 5 |
| ഇടവക വിശേഷങ്ങളിലൂടെ | - | 7 |
| നിയമബോധനം | - | 15 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | - | ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - | ഫാ. എബി. വാണിയപുരയ്ക്കൽ | 8547280056 |
| സബ് എഡിറ്റേഴ്സ് | - | റോബിൻ കട്ടിക്കാരൻ | 9446602386 |
| | - | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |



Published by : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

Layout & Printing: General Offset Ponkunnam
Ph: 222564, 9495496974

2018 മെയ് ലക്കം

# മുഖമൊഴി

പരാജയങ്ങളോടുള്ള പേടി *(Fear of Failure)* റിസ്ക് എടുക്കുവാനുള്ള നമ്മുടെ പ്രവണതയെ കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നു. റിസ്ക് എടുക്കാതിരിക്കുക എന്നത് വിജയങ്ങളെ വേണ്ടെന്നു വയ്ക്കുന്നതിന് തുല്യമാണ്. നാം റിസ്ക് ഒഴിവാക്കുമ്പോൾ എത്ര പരാജയ സാധ്യതകളെ ഒഴിവാക്കുന്നുവോ അത്ര തന്നെ വിജയസാധ്യതകളേയും ഒഴിവാക്കുന്നുണ്ട്.

ഓരോ പരാജയവും പരാജയമല്ല, പകരം ഓരോ തിരിച്ചറിവാണ്. വിജയ പ്രതീക്ഷയോടെ ചെയ്ത ഒരു കാര്യം പരാജയപ്പെടുമ്പോൾ നമ്മുടെ അദ്ധ്വാനം കുറഞ്ഞുപോയി എന്ന തിരിച്ചറിവാണ് നമുക്കുണ്ടാവേണ്ടത്.

ആനന്ദകരവും സുഖപ്രദവുമായ സാഹചര്യങ്ങളിൽ ജീവിച്ച് *SSLC, +2* പരീക്ഷകൾ എഴുതുന്ന നമ്മുടെ കുട്ടികളിൽ ചിലർ മാർക്ക് കുറഞ്ഞുപോയി എന്ന കാരണത്താൽ നിരാശയുടെ പടുകുഴിയിൽ വീഴാറുണ്ട്. ഇങ്ങനെയുള്ളവർ ഈ വർഷത്തെ സിവിൽ സർവ്വീസ് പരീക്ഷയിൽ 101-ാം റാങ്ക് വാങ്ങിയ ശിവഗുരുപ്രഭാകരൻ എന്ന ധീരനായ യുവാവിന്റെ കഥ തീർച്ചയായും ആവർത്തിച്ച് വായിക്കേണ്ടതാണ്. തമിഴ്നാട്ടിലെ തീർത്തും ദരിദ്രകുടുംബത്തിൽ ജനനം. 12-ാം ക്ലാസ്സിൽ മികച്ച മാർക്കോടെ വിജയം. തുടർ പഠനത്തിന് പണമില്ലാത്തതിനാൽ ചെറിയ കൃഷിയും കൂലിപ്പണിയും. സഹോദരിയുടെ വിവാഹം നടത്തിയ ശേഷം എൻജിനീയറിംഗ് പഠനം. പാർട്ട് ടൈം ജോലിയും പഠനവും. ചിലപ്പോൾ റെയിൽവേ പ്ലാറ്റ് ഫോമിൽ ഉറക്കം. ആ ഉറക്കത്തിലും സ്വപ്നം കണ്ടത് ഒരു കലക്ട്ടറായിട്ട് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കാറിലുള്ള യാത്ര! ഇതിനിടയിൽ ഐ.ഐ.റ്റി., എം.ടെക് പ്രവേശന പരീക്ഷയിൽ ഒന്നാം റാങ്ക്. സിവിൽ സർവ്വീസ് മൂന്ന് തവണ കൈവിട്ടപ്പോഴും പുതിയ പുതിയ തിരിച്ചറിവുകളോടെ നെഞ്ച് വിരിച്ച് യാത്ര തുടർന്നു. നിരാശയെ ആട്ടി അകറ്റി.

പരാജയങ്ങളെ നേരിടാൻ രണ്ട് വഴികളുണ്ട്. ഒന്നുകിൽ യുദ്ധം ചെയ്യുക, അല്ലെങ്കിൽ ഒളിച്ചോടുക *(Fight or Flight).* ഒളിച്ചോടുന്നവർ ഭീരുക്കളാണ്.

ഉയരെ .... ഉയരെ .... ആകാശം മുട്ടെ സ്വപ്നങ്ങൾ കാണുക.

പൊരുതുക .... പൊരുതുക ..... വിജയം വരെ പൊരുതുക.






ഈശോയിൽ പ്രിയ സ്നേഹിതരേ,

പന്തക്കുസ്താ തിരുനാൾ ആചരിച്ചുകൊണ്ട് നാം ശ്ലീഹാക്കാലത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ ഈശോയുടെ സന്ദേശവുമായി ലോകമെങ്ങും പോവുകയും സഭാ സമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തതിനെയാണ് ഇക്കാലത്ത് നാം അനുസ്മരിക്കുന്നത്. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ഇക്കൊല്ലം ശ്ലീഹാക്കാലത്തിന്റെ അവസാന ആഴ്ചയിലാണ് വരുന്നത്.

ശ്ലീഹാക്കാലത്തിൽ ഏഴ് ആഴ്ചകളാണുള്ളത്. പന്തക്കുസ്താ തിരുനാളിൽ പരിശുദ്ധാത്മാവ് അഗ്നിനാളങ്ങളായി ശ്ലീഹന്മാരുടെമേൽ ആവസിച്ചതിനെക്കുറിച്ചും തുടർന്ന് അവരുടെ പ്രേഷിത പ്രവർത്തനത്തിലൂടെ ആദിമസഭ വളരുന്നതിനെക്കുറിച്ചും വേദപുസ്തകത്തിൽ വിവരിക്കുന്നത് "ശ്ലീഹന്മാരുടെ നടപടികൾ" അഥവാ "അപ്പസ്തോല പ്രവർത്തനങ്ങൾ" എന്നറിയപ്പെടുന്ന ഗ്രന്ഥത്തിലാണ്. ഏഴ് ആഴ്ചകൾകൊണ്ട് ഒരു പ്രാവശ്യം വായിച്ചുതീരത്തക്കവിധം ശ്ലീഹാക്കാലത്ത് ഈ ഗ്രന്ഥത്തിന്റെ ഒന്നാം അദ്ധ്യായം മുതൽ തുടർച്ചയായി കുടുംബ പ്രാർത്ഥനയോടനുബന്ധിച്ച് വീടുകളിൽ വായിക്കുന്നത് നല്ല അനുഭവമായിരിക്കും.

പന്തക്കുസ്താ തിരുനാളിൽ നാം കുഞ്ഞുങ്ങളെ എഴുത്തിനിരുത്തുന്നു. പുതിയ അദ്ധ്യയന വർഷത്തിലേക്ക് പുത്തൻ പ്രതീ

ക്ഷകളോടെ കുട്ടികൾ പ്രവേശിക്കുന്നു. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും വളർന്നുവന്ന ഈശോയെപ്പോലെ (ലൂക്കാ 2/52) നമ്മുടെ കുഞ്ഞുമക്കൾ വളരുവാൻ ഇടയാകുന്നതിന് ആവശ്യമായതെല്ലാം നാം അവർക്കുവേണ്ടി ഒരുക്കണം. സ്കൂളിൽ കുട്ടികളെ ഒന്നാം ക്ലാസ്സിൽ ചേർക്കുന്നതോടൊപ്പം സൺഡേസ്കൂളിലും അവരെ ഒന്നാം ക്ലാസ്സിൽ ചേർക്കണം. സ്കൂളിൽ കുട്ടികളെ ചിട്ടയോടെ അയയ്ക്കുന്നതുപോലെ സൺഡേസ്കൂളിലും മുടക്കം കൂടാതെ അവർ പങ്കെടുക്കുന്നതിന് മാതാപിതാക്കൾ ശ്രദ്ധിക്കണം. ദൈവാലയത്തോടും ദൈവിക കാര്യങ്ങളോടും മുതിർന്നവരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ചെറിയ തോതിലുള്ള ഉപേക്ഷാമനോഭാവം പോലും കുട്ടികൾക്ക് വലിയ ഉതപ്പിനും മാർഗ്ഗഭ്രംശത്തിനും കാരണമായേക്കാം.

ശ്ലീഹന്മാരുടെ ഉപദേശങ്ങളിലും കൂട്ടായ്മയിലും അപ്പം മുറിക്കലിലും പ്രാർത്ഥനകളിലും പങ്കുചേരുന്നതിൽ ആദിമസഭ ഉത്സുകരായിരുന്നുവെന്ന് നടപടി പുസ്തകം (ശ്ലീഹ.നട. 2/42) സാക്ഷ്യപ്പെടുത്തുന്നു. കർത്താവിന്റെ സഭയിൽ അംഗമായിരിക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. കുടുംബത്തിലും കൂട്ടായ്മയിലും ഇടവകയിലും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കുവാൻ ദൈവം നമ്മെ യോഗ്യരാക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം**
(വികാരിയച്ചൻ)

# വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

ഉയിർപ്പുഞായറിനുശേഷം അമ്പതാം ദിവസം വരുന്ന പന്തക്കുസ്താതിരുനാളോടു കൂടി ശ്ലീഹാക്കാലം ആരംഭിക്കുകയാണ്. ഇസ്രായേൽ ജനം വിളവെടുപ്പുമായി ബന്ധപ്പെടുത്തി പന്തക്കുസ്താതിരുനാൾ ആഘോഷിച്ചിരുന്നു. ധാന്യവിളവെടുപ്പിന്റെ ആരംഭവും പഴവർഗ്ഗങ്ങളുടെ ആരംഭവും കുറിക്കുന്ന അമ്പതാം ദിവസത്തെ തിരുനാൾ. പുതിയ നിയമത്തിൽ പുതിയ അർത്ഥം ഈ തിരുനാളിനു നൽകപ്പെട്ടു. ഈശോയുടെ ഉയിർപ്പിനുശേഷം അമ്പതാം നാൾ പരിശുദ്ധാത്മാവു ശ്ലീഹന്മാരുടെമേൽ എഴുന്നള്ളിവന്നു. അന്നു സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. പുതിയ ദൈവജനത്തിന്റെ ജന്മദിനം. 'പിതാവിന്റെ വാഗ്ദാനവും' 'ഉന്നതത്തിൽ നിന്നുള്ള ശക്തി'യുമായ പരിശുദ്ധാത്മാവിനാൽ ശിഷ്യന്മാർ നിറയപ്പെട്ട അനുഭവം.

വി. പൗലോസ്ശ്ലീഹാ തെസലോനിയക്കാർക്ക് എഴുതിയ ഒന്നാം ലേഖനം 5:19 ൽ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. "ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്". ഇന്നു 'തീ' തിന്നു ജീവിക്കുന്നവർ ഏറെ. എന്നാൽ ആത്മാവിൽ 'തീ' ഉള്ളവർ ഏറെ കുറവാണ്. ആത്മാവിൽ അഗ്നിയുണ്ടായിരുന്നവരായിരുന്നു ആദിമ ശ്ലീഹന്മാരും, ആദിമ ക്രൈസ്തവരും. തീയുള്ളവരാകാനും തീ കെട്ട കരിക്കട്ടകൾ ആകാതിരിക്കാനും ശ്ലീഹാക്കാലം നമ്മെ ഓർമ്മിപ്പിക്കുകയാണ്. ഈ ആത്മാഗ്നിയിൽ ആത്മീയ ജീവിതത്തിനു ചേരാത്തവയെ നാം ചാരമാക്കണം. ഏതു കൈപുണ്യമുള്ള പാചകക്കാരനും അഗ്നിയുടെ അഭാവത്തിൽ ആരുമല്ല. ഭക്ഷണത്തെ ഭക്ഷണമാക്കുന്നത് അഗ്നിയാണ്. അഗ്നിശുദ്ധിയിലാണ് ഭക്ഷണം യഥാർത്ഥ ഭക്ഷണമാകുക. ആത്മാവിന്റെ അഗ്നിനാളങ്ങളാണ് നമ്മെ നാമാക്കി മാറ്റുക. പാരിൽ നമ്മെ രുചിയുള്ളവ

രാക്കി മാറ്റുക. ആത്മാവിന് ഇണങ്ങാത്തവയെ ചാരമാക്കിത്തീർക്കുക. പരിശുദ്ധാത്മനിറവിലൂടെ ജീവിതമാകുന്ന മഴവില്ലിനു നിറശോഭ കൊടുക്കാൻ നമുക്ക് കഴിയണം.

''I will try to do my best,
but a poor cook can do
absolutely nothing without fire: The Holy Spirit''
('Testimony of Hope' - Archbishop Van Thuan)

"ബാബേൽ" പരസ്പരം അറിയാതെ പോയവരുടെ കഥയാണെങ്കിൽ 'പന്തക്കുസ്താ' അരൂപിയിൽ ഒന്നാക്കപ്പെട്ടവരുടെ കൂട്ടായ്മയും പ്രവർത്തനവുമാണ്. ബാബേലിൽ ജനം ചിതറുന്നു. പന്തക്കുസ്തായിൽ ജനം ഒരുമിക്കുന്നു. ഒരു ഭാഷ സംസാരിച്ചിരുന്നവർ പല ഭാഷകളിൽ സംസാരിച്ചു പലരായി ചിതറി തിരിച്ചറിയാനാവാത്തവിധം അകലുന്ന കാഴ്ചയാണ് ബാബേൽ. പല ഭാഷക്കാരേയും ദേശക്കാരെയും ഒരുമിപ്പിക്കുന്ന അരൂപിയുടെ അഭിഷേകമാണ് പന്തക്കുസ്താ അനുഭവം. 'ബാബേൽ' ചിതറലാണെങ്കിൽ പന്തക്കുസ്താ 'ഒരുമ' യാണ്. സ്നേഹത്തിന്റെ ഭാഷാഭിഷേകമില്ലാത്തിടത്ത് സ്നേഹത്തിന്റെ ഭാഷ കൈമോശം വരുമ്പോൾ പരസ്പരം മനസ്സിലാക്കാനാവാതെ വരുന്നു. അവിടെയാണ് ബാബേൽ രൂപം കൊള്ളുക, പണിതുയർത്തപ്പെടുക. പല കുടുംബങ്ങളും ഇന്നു ബാബേൽ ആയിരിക്കുന്നു. കുടുംബാംഗങ്ങൾ ഒരു കൂരയ്ക്കുള്ളിൽ ചിതറിത്തെറിച്ച് ...... പകയുമായി കഴിയുന്നു. സ്നേഹത്തിന്റെ ഭാഷ സ്വീകരിച്ച്, കുടുംബങ്ങളെ പന്തക്കുസ്താനുഭവത്തിലേക്ക് നമുക്ക് കൂട്ടിക്കൊണ്ടുവരാം.

ആത്മാവിൽ ജ്വലിക്കുന്നവരായി, പരിശുദ്ധാത്മാവിന്റെ സ്നേഹത്താൽ നിറഞ്ഞ് സഭയ്ക്കും സമൂഹത്തിനും സേവനം ചെയ്യുന്ന, കുടുംബത്തിനു അനുഗ്രഹമായിത്തീരുന്ന നല്ല വ്യക്തികളായി മാറുവാൻ ഈ ശ്ലീഹാക്കാലം നമുക്ക് ഇടവരുത്തട്ടെ.

സ്നേഹപൂർവ്വം,
***എബിയച്ചൻ***

# ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. **അദ്ധ്യയന വർഷാരംഭം**

   2018-19 അദ്ധ്യയന വർഷത്തിലെ വിശ്വാസ പരിശീലന ക്ലാസ്സുകൾ മെയ് 27-ാം തീയതി ആരംഭിക്കുന്നതാണ്.

2. **അഡ്മിഷൻ**

   പുതിയ അദ്ധ്യയന വർഷത്തിലേക്ക് സൺഡേസ്കൂളിൽ കുട്ടികളെ ചേർക്കുവാൻ മെയ് 20-ാം തീയതി 10 ന്റെ പരി.കുർബാനയ്ക്കുശേഷം അവസരമുണ്ടായിരിക്കും. ചേർക്കുവാനുള്ളവർ മാമ്മോദീസാ സർട്ടിഫിക്കറ്റിന്റെ പകർപ്പുമായി സൺഡേ സ്കൂൾ ഓഫീസിൽ എത്തിച്ചേരേണ്ടതാണ്. സ്കൂളിൽ 1-ാം ക്ലാസ്സിൽ പഠനം ആരംഭിക്കുന്ന കുട്ടികൾക്കുമാത്രമേ സൺഡേ സ്കൂളിൽ 1-ാം ക്ലാസ്സിൽ ചേരാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

3. **അഭിനന്ദനങ്ങൾ**

   2017-18 വർഷത്തിലെ സൺഡേ സ്കൂൾ രൂപതാതല സ്കോളർഷിപ്പ് പരീക്ഷയിൽ 7-ാം ക്ലാസ്സിൽ രണ്ടാം സ്ഥാനം നേടിയ അന്ന മാത്യു പന്തിരുവേലിലിന് അഭിനന്ദനങ്ങൾ

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## ചെറുപുഷ്പ മിഷൻലീഗ്

1. ഈസ്റ്റർ ദിനത്തിൽ 285 ചോറുപൊതി, യുവദീപ്തിയുടെയും ഇളങ്ങുളം മിഷൻ ലീഗിന്റേയും മാതൃദീപ്തിയുടെയും സഹകരണത്തോടെ വിതരണം ചെയ്തു.

2. പത്രം കളക്റ്റ് ചെയ്തുകിട്ടിയ ഫണ്ട് ഉപയോഗിച്ച് പലചരക്ക് പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**

## മാതൃവേദി

1. വിവാഹ സഹായമായി 20,000/- രൂപ നൽകി
2. മാർച്ച് 25, ജീവന്റെ ദിനത്തോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ പള്ളിയിൽ ആരാധന നടത്തുകയും വി.കുർബാനയിൽ പങ്കെടുക്കുകയും ചെയ്തു
3. ഈസ്റ്ററിനോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ കാഞ്ഞിരപ്പള്ളി ബെത്‌ലഹേം ആശ്രമം സന്ദർശിക്കുകയും അവിടുത്തെ ക്ലീനിംങ് ജോലികളിൽ സഹായിക്കുകയും 10,001/- രൂപാ സംഭാവന നൽകുകയും ചെയ്തു.
4. ഈസ്റ്റർ ദിനത്തിൽ മിഷൻലീഗുമായി സഹകരിച്ച് മാതൃവേദി അംഗങ്ങൾ പാവങ്ങൾക്ക് പൊതിച്ചോറ് നൽകി.
5. ബഹുമാനപ്പെട്ട വികാരിയച്ചന്റെ നാമഹേതുകദിനം, ജന്മദിനം എന്നിവയ്ക്ക് ആശംസകളർപ്പിക്കുകയും കേക്ക് മുറിക്കുകയും ചെയ്തു.
6. കാഞ്ഞിരപ്പള്ളി രൂപതാ മാതൃവേദി, ജിയന്നാ തീർത്ഥാടനത്തിൽ നമ്മുടെ യൂണിറ്റിൽ നിന്ന് 3 അംഗങ്ങൾ പങ്കെടുത്തു.
7. പൊൻകുന്നം ഫൊറോനാ ഉത്ഥാനോത്സവ പരിശീലന ക്ലാസിന് വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു
8. എല്ലാ മാസവും 3-ാം ചൊവ്വാഴ്ചകളിൽ മാതൃവേദിയുടെ പൊതുയോഗവും ബഹു. കൊച്ചച്ചൻ അമ്മമാർക്കായി കുടുംബജീവിതത്തെക്കുറിച്ച് ക്ലാസെടുക്കുകയും ചെയ്തുവരുന്നു.

**ബിന്ദു റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)**

## യുവദീപ്തി - S.M.Y.M

1. **മാർച്ച് 27 - മലയാറ്റൂർ തീർത്ഥാടനം**

   ബഹു. എബി വാണിയപ്പുരക്കലച്ചന്റെയും, സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ യുവദീപ്തി അംഗങ്ങൾ മാർച്ച് 27-ാം തീയതി മലയാറ്റൂർ തീർത്ഥാടനം നടത്തി.

2. **മാർച്ച് 29 - പെസഹാവ്യാഴം അപ്പം മുറിക്കൽ**

   മാർച്ച് 29 പെസഹാവ്യാഴാഴ്ച യുവദീപ്തി അംഗങ്ങളുടെ വീടുകളിൽ പെസഹാ അപ്പം മുറിക്കുകയും, പ്രാർത്ഥനയിൽ പങ്കെടുക്കുകയും ചെയ്തു

3 **ഏപ്രിൽ 2 – പൊൻകുന്നം – ക്ലീൻ സിറ്റി**

ഏപ്രിൽ 2-ാം തീയതി യുവജനങ്ങൾ ഒന്നിച്ചുകൂടി പൊൻകുന്നം ടൗൺ കുരിശുപള്ളി കവല റോഡ് ക്ലീൻ ചെയ്യുകയും മെറ്റലും മണ്ണും നീക്കം ചെയ്ത് വാഹന യാത്രക്കാരുടെ അപകട സാധ്യത ഒഴിവാക്കുകയും ചെയ്തു.

4. **ഏപ്രിൽ 19 – പിറന്നാൾ ആഘോഷം**

ഏപ്രിൽ 19 ന് ബഹു. വികാരിയച്ചന് ജന്മദിനം ആശംസിക്കുകയും, കേക്ക് മുറിച്ച് ആഘോഷിക്കുകയും ചെയ്തു

6. **മെയ് 3 – പൂന്തോട്ടം**

പള്ളി പരിസരത്ത് യുവദീപ്തി അംഗങ്ങൾ ഒത്തുചേർന്ന് മനോഹരമായ പൂന്തോട്ടം നിർമ്മിച്ചുവരുന്നു.

***സച്ചിൻ കുഴിവേലിൽ (സെക്രട്ടറി)***

## അസോവ

അസോവയുടെ ഡയറക്ടർ ബോർഡ് യോഗം 9-4-2018 ൽ ശ്രീ. ജോൺ പന്തിരുവേലിലിന്റെ ഭവനത്തിൽ വച്ചുനടന്നു. ബഹുമാനപ്പെട്ട ഫാ. ജോസഫ് വെള്ളമറ്റം, ഫാ. തോമസ് ഈറ്റോലിൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ, പ്രസിഡന്റ് എ.റ്റി. ജോസഫ് അത്യാലിൽ ന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. ജോൺ പന്തിരുവേലിലിന്റെ ജന്മദിനം ആഘോഷിക്കുകയും അദ്ദേഹത്തിന് ആശംസകൾ നേരുകയും ചെയ്തു. ശ്രീ. വി.റ്റി ജേക്കബ് വാലുമ്മേൽ കൃതജ്ഞത പ്രകാശിപ്പിച്ചു. എം.ബി.എഫ് ന്റെ നറുക്കെടുപ്പിൽ ശ്രീമതി ത്രേസ്യാമ്മ തോമസ് അത്യാലിൽ വിജയി ആയി.

ഷേക്സ്പിയറിന്റെ ജന്മദിനമായ ഏപ്രിൽ 23 വായനാദിനമായി ആചരിക്കുന്നതിനാൽ കുട്ടികൾക്കുവേണ്ടി (8,9.10,11,12 ക്ലാസ്സ്) ക്വിസ് കോംപറ്റീഷൻ, ശ്രീ ദേവസ്യ മുട്ടത്തുകുന്നേൽ സാറിന്റെ നേതൃത്വത്തിൽ നടത്തി. ആഗ്നൽ മരിയ റെജി, അന്ന മാത്യു പന്തിരുവേലിൽ, മരിയ തോട്ടുചാലിൽ, അൽഫോൻസാ പതിയിൽ എന്നിവർ 1,2,3,.4 സ്ഥാനങ്ങൾ യഥാക്രമം നേടി. ഇംഗ്ലീഷ് ഗ്രാമർ & പ്രൊനൗൺസിയേഷൻ അനായാസം പഠിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ദേവസ്യാ സാർ ക്ലാസ്സെടുത്തു.

***പുഷ്പ ജേക്കബ് (ജോ. സെക്രട്ടറി)***

## കത്തോലിക്കാ കോൺഗ്രസ്

നൂറുവർഷം പിന്നിട്ട ഈ സമുദായസംഘടനയുടെ ശതാബ്ദി സ്മാരകമായി കാഞ്ഞിരപ്പള്ളി രൂപതയിൽ ഒരു സാധുകുടുംബത്തിന് നൽകുന്ന ഭവനത്തിന്റെ നിർമ്മാണ ആവശ്യത്തിലേക്ക് ആയി യൂണിറ്റിൽനിന്ന് സാമ്പത്തിക സഹായം നൽകി.

ഇടവകയുടെ സമഗ്രമായ ചരിത്രം പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി അഡ്വ. ബോബൻ മണ്ണാറാത്ത്, ശ്രീ. കെ.വി. മാത്യു കാച്ചപ്പള്ളി എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു. പുതിയ ഇടവക ഡയറക്ടറി ഇറക്കുന്നതിനുള്ള നടപടികൾക്കായി ഏഴ്പേർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടരുന്നു.

യുവജനങ്ങൾക്കിടയിൽ പുത്തൻപാനയുടെ പ്രചരണവും, പ്രാധാന്യവും എത്തിക്കുന്നതിനും പാനവായന പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി യൂണിറ്റിന്റെ നേതൃത്വത്തിൽ ക്ലാസ്സുകൾ ഉടനെ ആരംഭിക്കുന്നതാണ്. ശതാബ്ദി ആഘോഷങ്ങളുടെ രൂപതാതല സമാപന പരിപാടികളുടെ ഭാഗമായുള്ള ദീപശിഖ പ്രയാണത്തിന് പൊൻകുന്നം ഫൊറോനായിൽ ഉചിതമായ സ്വീകരണം നൽകുവാൻ തീരുമാനിച്ചു. 13-ാം തീയതി തൃശ്ശൂരിൽ നടക്കുന്ന ശതാബ്ദി സമാപന സമ്മേളനത്തോടനുബന്ധിച്ചുള്ള റാലിയിൽ പൊൻകുന്നത്തുനിന്ന് പത്ത് അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.

**ജോസ് മാനുവൽ, വട്ടയ്ക്കാട്ട്** (സെക്രട്ടറി)

## പിതൃവേദി

ഈസ്റ്റർ ദിനാചരണത്തിന്റെ ഭാഗമായി രാത്രി തിരുകർമ്മങ്ങൾക്കുശേഷം ഇടവകാംഗങ്ങൾക്ക് ഔഷധകാപ്പിയും അരിയുണ്ടയും വിതരണം ചെയ്തു.

ഉയിർപ്പുഞായറിനുശേഷമുള്ള ആദ്യവെള്ളിയാഴ്ച (6-4-18) പിതൃവേദി അംഗങ്ങളും കുടുംബാംഗങ്ങളും വാഗമൺ കുരിശുമല തീർത്ഥാടനം നടത്തി. 55 പേർ തീർത്ഥാടനത്തിൽ പങ്കെടുത്തു.

**റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ** (സെക്രട്ടറി)

## വിൻസെൻഷ്യൻ വേദി

സ്ഥിരം വ്യക്തികൾക്ക് നൽകിവരുന്ന സഹായങ്ങൾക്ക് പുറമേ 5 പേർക്കായി 23000/- രൂപ ചികിത്സാസഹായം നൽകി. പണി പുരോഗതിയിൽ ഇരുന്ന ഒരു ഭവനത്തിന്റെ പണികൾ പൂർത്തിയാക്കി വെഞ്ചരിപ്പ് കർമ്മം നടത്തി താക്കോൽ  കൈമാറി. 2017-18 വർഷത്തെ വാർഷിക റിപ്പോർട്ട് പൂർത്തിയാക്കി. ഉപവിപ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| വരവ് | രൂപ | ചിലവ് | രൂപ |
|---|---|---|---|
| അംഗങ്ങളിൽ നിന്നും | | ഭക്ഷ്യസഹായം | 51350 |
| രഹസ്യ പിരിവ് | 96981 | ചികിത്സാസഹായം | 250098 |
| ടൗൺ പിരിവ് | 80390 | ഓസാനം വിദ്യാഭവൻ ചിലവ് | 36000 |
| വാർഡ് പിരിവ് | 107955 | ദത്ത് കോൺഫ്രൻസ് ഗ്രാന്റ് | 6000 |
| പ്രത്യേക ഉദ്ദേശങ്ങൾക്ക് | | വിദ്യാഭ്യാസ സഹായം | 42200 |
| വരവ് | 64250 | ഭവനനിർമ്മാണം | 477352 |
| ഭവന നിർമ്മാണത്തിനായി | 332000 | ആശ്രമസന്ദർശനം | 10000 |
| പള്ളിയിൽ നിന്നും ഗ്രാന്റ് | 40000 | വി. കുർബ്ബാന | 300 |
| പലിശ വരവ് | 41216 | C.C വീതാശം C.C A/C | 17385 |
| പരസ്യം വരവ് | 8750 | സ്റ്റേഷനറി, പ്രിന്റിംഗ് | 11858 |
| മറ്റിനം വരവ് | 1200 | | |
| | ---- | | ---- |
| ആകെ വരവ് | 772742 | ആകെ ചിലവ് | 902543 |
| | ---- | | ---- |
| മുന്നിരിപ്പ് കൈവശം | 18967 | നീക്കിയിരിപ്പ് കൈവശം | 17897 |
| ബാങ്കിൽ | 157318 | ബാങ്കിൽ | 221837 |
| എൻഡോവ്മെന്റ് ഫണ്ട് | 30000 | സ്ഥിര നിക്ഷേപം | 6750 |
| സ്ഥിരനിക്ഷേപം | 200000 | എൻഡോവ്മെന്റ് | 30000 |
| **ആകെ** | **1179027** | **ആകെ** | **1179027** |

**തോമസ് നരിതൂക്കിൽ  (സെക്രട്ടറി)**



## സി. വൈ. എം. എ.

1. സംഘടനയുടെ നേതൃത്വത്തിലുള്ള ഏകദിന പഠനയാത്ര നിലമ്പൂർ പനങ്കയം എസ്റ്റേറ്റിലേയ്ക്ക് നടത്തി. 45 പേർ പങ്കെടുത്തു
2. മൃതസംസ്ക്കാരശുശ്രൂഷകർക്ക് ഭവനങ്ങളിൽ പ്രതിഷ്ഠിക്കുന്നതിനുള്ള പൊൻകുരിശ് എത്തിയിരിക്കുന്നു.
3. സംഘടനാ നേഴ്സറി സ്കൂളിലേയ്ക്കുള്ള ഈ വർഷത്തെ അഡ്മിഷൻ മെയ് മാസം അവസാനവാരം നടത്തുന്നതാണ്. നേഴ്സറി സ്കൂളിലേയ്ക്ക് പുതുതായി ചിൽഡ്രൻസ് പാർക്ക് സ്ഥാപിച്ചിരിക്കുന്നു. Ph: 9447127442, 9495797285
4. മലയാറ്റൂർ കുരിശടിയിലേയ്ക്കുള്ള തീർത്ഥയാത്ര പുതുഞായറാഴ്ചയോടനുബന്ധിച്ച് നടത്തി.

*റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)*



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. ഫിലോമിന - ചെമ്പകമംഗലം
2. ഏലീശ്വാ - നളത്തിൽ
3. തെരേസ - കുളച്ചിത്തറയിൽ
4. ജേക്കബ് - തെക്കയിൽ
5. എബ്രഹാം - ചെങ്ങാലിക്കുഴിയിൽ
6. എലിസബത്ത് - ചെങ്ങാലിക്കുഴിയിൽ
7. ജോർജ് - മംഗലത്തുകരോട്ട്
8. എലിസബത്ത് - പന്നിക്കുഴിക്കൽ
9. എലിസബത്ത്- കുമ്പളപ്പള്ളിൽ
10. എൽസ - തോണിക്കുഴിയിൽ

## ഓർമ്മകളിലേയ്ക്ക്

1. ബിൻസി - തകടിയിൽ
2. അമ്മിണി - ഈരൂരിക്കൽ
3. അന്നമ്മ - പുരയിടത്തിൽ



## നമ്മൾ ഒന്നായി

1. നെജിൻ - ലിയാറ പാറടിയിൽ
2. ടോണി - മെർലിൻ കുരീക്കാട്ട്
3. നിതിൻ - ഗീതു പുതുമന
4. ഫെബിൻ - ലിജി പടകൂട്ടിൽ
5. ജെയിംസ് - നീതു വാഴപ്പനാടിയിൽ
6. സ്റ്റോഫിൻ - സുബിന തെക്കേച്ചൂരനോലിൽ
7. സുബിൻ - വർഷ തെക്കേക്കുറ്റ്

## വറ്റാത്ത കിണറുകൾ

വിശന്നു കരയുന്ന കുഞ്ഞുങ്ങൾക്ക് കൊടുക്കാൻ പാൽ കിട്ടാതിരുന്നാൽ നാം പാൽപ്പൊടി വാങ്ങിക്കും. പക്ഷെ, ദാഹിച്ചു കരയുന്ന കുഞ്ഞുങ്ങൾക്ക് കൊടുക്കാൻ ശുദ്ധജലം കിട്ടിയില്ലെങ്കിൽ നമ്മുടെ കൈവശം എന്ത് പൊടിക്കൈയാണുള്ളത്...?

2030 തോടെ ലോകത്ത് കുടിക്കാൻ വേണ്ട ശുദ്ധജലത്തിന്റെ 40 ശതമാനം മാത്രമായിരിക്കും ഉണ്ടായിരിക്കുകയെന്ന് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പറയുന്നു. പക്ഷെ നമ്മൾ ഇത് വിശ്വസിക്കുന്നില്ല !!

മഴ കുറയുന്നു ..... ചൂട് കൂടുന്നു .... ആഗോളതാപനം കൂടുന്നു... ഡാമുകൾ കുറവ് .... ഉള്ളവയിൽ ജലം കുറയുന്നു... സസ്യങ്ങൾ നശിക്കുന്നു .... കൃഷി കുറയുന്നു .... വരൾച്ചയുടെ തീവ്രതയും വേഗതയും കൂടുന്നു... ജനസാന്ദ്രത കൂടുന്നു ... ജല അടിയന്തരാവസ്ഥ, ജലയുദ്ധം, കലാപം ഇവ ഉണ്ടാകാം. ജലം സംരക്ഷിക്കണം... മഴ പാഴാക്കരുതെ ... ബോധ്യമുള്ളവർ ബോധത്തോടെ വിളിച്ചു പറയുന്നവ പക്ഷെ, വെറും വനരോധനങ്ങളായിത്തീരുന്നു!

ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നിറഞ്ഞൊഴുകിയിരുന്ന ചെറുതോടുകളിൽ ഇന്ന് കുഴിച്ചിരിക്കുന്ന നൂറ് കണക്കിന് 'ഓലികൾ'ക്കടുത്തിരുന്ന് വിലപിക്കുന്നവരുടെ അനുഭവ സാക്ഷ്യങ്ങൾക്ക് നാം ചെവി കൊടുക്കുന്നില്ല.

ദക്ഷിണാഫ്രിക്കൻ നഗരമായ കേപ്ടൗണിന് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? ജനസാന്ദ്രത കൂടി .... ജനങ്ങൾ ശുദ്ധജലം ധൂർത്തടിച്ചു. ഭരണാധികാരികൾ കാര്യങ്ങൾ പഠിച്ച് ഉണർന്ന് പ്രവൃത്തിച്ചില്ല. ഇപ്പോൾ പ്രതിദിനം ഒരു കുടുംബത്തിന് റേഷനായിട്ട് ലഭിക്കുന്ന 49 ലിറ്റർ കുടിവെള്ളത്തിനായി ഒരു നഗരം മുഴുവൻ ക്യൂ നിൽക്കുന്നു. പക്ഷികളും മൃഗങ്ങളും ചത്തൊടുങ്ങുന്നു.. സസ്യങ്ങൾ കരിഞ്ഞുണങ്ങി.

ജനസാന്ദ്രത വേഗത്തിൽ കൂടിക്കൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് പൊൻകുന്നം. ഒരു മഴക്കാലം നമ്മെ മറന്നു പോയാൽ, ഒരു വേനൽക്കാലം അല്പം രൗദ്രമായാൽ പിടിച്ചു നിൽക്കാനാവുമോ നമുക്ക്?

തലേ വർഷങ്ങളിൽ വറ്റാതിരുന്ന കിണറുകൾ ഈ വർഷം വറ്റുന്നു. നമ്മുടെ കിണറുകൾ വറ്റിയാൽ ശുദ്ധജലം ദൂരെനിന്ന് വാഹനങ്ങളിൽ കൊണ്ടു

വരാമെന്ന് ചിലർ കരുതുന്നു. (അത് ശുദ്ധജലമാകണമെന്നില്ല). പക്ഷെ തങ്ങളുടെ പ്രദേശത്തെ ജലം ഊറ്റുവാൻ അവർ സമ്മതിക്കാത്ത കാലം വിദൂരമല്ല. ഇത് കലാപങ്ങൾക്കും ജലയുദ്ധത്തിനും കാരണമാകാം.

മഴയും പുഴയും ഒരുപോലെ അനുഗ്രഹിച്ച നമ്മുടെ നാട്! പക്ഷെ മഴ സംരക്ഷണവും ജല സംരക്ഷണവും ശീലമാക്കാത്ത നമ്മുടെ നാട് !!

പുരപ്പുറത്ത് വീഴുന്ന അഥവാ പറമ്പിൽ വീഴുന്ന മഴവെള്ളത്തെ കിണറ്റിലേയ്ക്ക് അഥവാ കിണറിനു സമീപത്തേയ്ക്ക് ഇറക്കുന്നതാണ് കിണർ റീചാർജ്. ഈ വെള്ളം ഉറവകളെ സമ്പന്നമാക്കും. മൂന്നു വർഷം ഒരു പ്രദേശത്തെ ജനങ്ങൾ ഒന്നിച്ച് പ്രവൃത്തിച്ചാൽ ആ നാട് മുഴുവൻ ജലസമ്പന്നമാകും. ഏത് കിണറിനേയും വറ്റാത്ത കിണറാക്കാൻ സാധിക്കുമെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

നമ്മുടെ നാട്ടിൽ ഒരിക്കലും ജലക്ഷാമം ഉണ്ടാകാത്തവിധത്തിൽ ഇപ്പോൾ മഴ ലഭിക്കുന്നുണ്ട്. ഇടവകയിലെ എല്ലാവരും മുറ്റത്ത്/പറമ്പിൽ ഒഴുകിപോകുന്ന മഴവെള്ളത്തെ കുറച്ച് സമയത്തേയ്ക്ക് എങ്കിലും (കുറഞ്ഞ അളവിലെങ്കിലും) തടഞ്ഞ് നിർത്തി മണ്ണിലിറക്കിയാൽ അതിന്റെ മെച്ചം നാടിന് ലഭിക്കും. പ്രതിദിനം 1000 ലിറ്റർ മഴവെള്ളമെങ്കിലും 1300 കുടുംബങ്ങൾ കുറഞ്ഞത് 30 മഴയ്ക്ക് മണ്ണിലിറക്കിയാൽ ഏകദേശം 4 കോടി ലിറ്റർ അധികജലം ഭൂമിക്കടിയിലെ ജലസ്രോതസുകളെ സമ്പന്നമാക്കും. അടുത്തടുതത് താമസിക്കുന്ന പത്തോ ഇരുപതോ പേർ ഒന്നിച്ച് തങ്ങളുടെ പുരപ്പുറത്ത് വീഴുന്ന ജലം ഒരു പൊതു കുളത്തിലേയ്ക്ക് ശേഖരിച്ചാൽ ആ പ്രദേശം ജലസമ്പന്നമാകുമെന്നുമാത്രമല്ല മത്സ്യങ്ങളെ വളർത്തുകയും ചെയ്യാം.

തുടർച്ചയായ ജലസംരക്ഷണ/മഴ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുവാൻ നമ്മുടെ ഇടവകയിലെ ഭക്ത സംഘടനകൾക്ക് സാധിക്കും.

വരും തലമുറകൾക്കും കൂടി ഉപയോഗിക്കുവാനുള്ള പ്രകൃതി വിഭവങ്ങൾ ധൂർത്തടിക്കാതെ നാം സംരക്ഷിക്കണം. അവർക്ക് 'വറുതിയുടെ ദിനങ്ങൾ' സമ്മാനിച്ചിട്ടാകരുത് നമ്മുടെ മടക്കം. ഉറച്ച് തീരുമാനത്തോടെ അടുത്ത മഴക്കാലത്തിനായി കാത്തിരിക്കാം.

***വർഗീസ് മുതുപ്പാക്കൽ***

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

# *മീറ്റിങ്ങുകളെ സംബന്ധിച്ചുള്ള നിയമം.*

നമ്മുടെ ഇടവകതലത്തിൽ ധാരാളം സംഘടനകളുണ്ട്, ഭക്തസംഘടനകൾക്കും സാമൂദായിക സംഘടനകൾക്കും, സാമൂഹ്യ സംഘടനകൾക്കും എല്ലാം അവയുടെ മീറ്റിംഗുകൾ നടത്തുന്നതിന് പൊതുവായ ഒരു മാനദണ്ഡമുണ്ട്. ഏതെങ്കിലും സംഘടനകളിൽ നമ്മൾ അംഗങ്ങളായിരിക്കും. ആ സാഹചര്യത്തിൽ മീറ്റിംങ്ങുകൾ സംബന്ധിച്ച് ഈ ലക്കത്തിൽ പ്രതിപാദിക്കുകയാണ്. പൊതു സമ്മേനമെന്നും സ്വകാര്യ സമ്മേളനമെന്നും മീറ്റിംഗുകളെ രണ്ടായി തരം തിരിക്കുന്നു.

കോറം എത്ര ആളുകളാണെന്ന് അതാതു സംഘനടകളാണ് തീരുമാനിക്കേണ്ടത്. അതിനെ സംബന്ധിച്ച് പ്രത്യേകിച്ചു നിയമങ്ങളൊന്നുമില്ല. സംഘടന തീരുമാനിക്കുന്നതിനുസരിച്ച് കോറം ഉണ്ടാകുന്നതിനുള്ള എണ്ണം നിയമാവലിയിൽ എഴുതിച്ചേർത്തിരിക്കണം. അപ്രകാരം വ്യവസ്ഥ ചെയ്യാതിരിക്കുക എന്നുള്ളത് അപൂർവ്വമാണ്. കോറത്തെ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകളൊന്നുമില്ലെങ്കിൽ മൊത്തം അംഗങ്ങളുടെ ഭൂരിപക്ഷം കോറമായി പരിഗണിക്കേണ്ടതാണ്.

രജിസ്റ്റർ ചെയ്തിരിക്കുന്ന സംഘടനകളുടെ സമ്മേളനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകൾ നിയമാവലിയിൽ എഴുതി ച്ചേർത്തിരിക്കും. ആ മീറ്റിങ്ങിനു ഏറ്റവും കുറഞ്ഞത് എത്ര പേരുണ്ടെങ്കിൽ മീറ്റിങ്ങ് കൂടാമെന്നുള്ളതിന് ഒരു സംഖ്യ നിശ്ചയിച്ചിരിക്കും. അതിനാണ് കോറം എന്നു പറയുന്നത്. കോറം ഇല്ലെങ്കിൽ മീറ്റിങ്ങിന് നിയമ സാധുതയില്ല. ആ മീറ്റിങ്ങിൽ യാതൊരു വിഷയങ്ങളും ചർച്ച ചെയ്യുവാനോ തീരുമാനിക്കുവാനോ പാടില്ല. ഒരു യോഗത്തിനു നിശ്ചിത കോറമില്ലെങ്കിൽ ആ യോഗം തുടങ്ങുന്നതിനുമുമ്പായി അക്കാര്യം അദ്ധ്യക്ഷന്റെ ശ്രദ്ധയിൽപ്പെടു

ത്തേണ്ടതും ഹാജരുള്ള അംഗങ്ങളെ എണ്ണി നോക്കി കോറം ഉണ്ടോ എന്ന് അദ്ധ്യക്ഷൻ തീരുമാനമെടുക്കേണ്ടതുമാണ്.

പൊതു സമ്മേനങ്ങളെ സംബന്ധിച്ചിടത്തോളം കോറത്തിന്റെ പ്രശ്നമില്ല. രണ്ടു പേർ ഉണ്ടായിരുന്നാലും അതു പൊതുയോഗമാകും.

യോഗങ്ങൾ നടത്തുന്നതിന് ഒഴിച്ചുകൂടാൻപാടില്ലാത്ത ഘടകം **അദ്ധ്യക്ഷൻ ആണ്**. പൊതുയോഗങ്ങളിൽ ആർക്കും അദ്ധ്യക്ഷനാകാം. സംഘാടകരുടെയോ സമ്മേളനത്തിൽ സംബന്ധിക്കുന്നവരുടെയോ അഭിപ്രായമനുസരിച്ച് ആരെയും അദ്ധ്യക്ഷനാക്കാം. അദ്ധ്യക്ഷനാക്കി കഴിഞ്ഞാൽ സമ്മേളനത്തിന്റെ നിയന്ത്രണാധികാരം അദ്ധ്യക്ഷനിൽ നിക്ഷിപ്തമാകുന്നു.

യോഗനടപടികൾ ക്രമാനുസൃതം നിയന്ത്രിക്കുക, അടിയന്തര പ്രശ്നങ്ങളിൽ തീരുമാനം എടുക്കുക, സമാധാനപരമായ അന്തരീക്ഷത്തിൽ സമ്മേളനം നടത്തുക, സർവ്വോപരി യോഗത്തിന്റെ അന്തസ്സ് കാത്തു സൂക്ഷിക്കുക എന്നിവയാണ് ഒരു **അദ്ധ്യക്ഷന്റെ സാധാരണ ചുതമലകൾ** രജിസ്റ്റർ ചെയ്ത സംഘടനകളുടെ അദ്ധ്യക്ഷനെ എങ്ങനെ തിരഞ്ഞെടുക്കണമെന്നും അദ്ദേഹത്തിന്റെ ചുമതലകൾ എന്തെല്ലാമായിരിക്കണമെന്നും നിയമാവലിയിൽ എഴുതിച്ചേർത്തിട്ടുണ്ടാവും ആ വ്യവസ്ഥകൾ അനുസരിച്ചാണ് അദ്ധ്യക്ഷൻ തന്റെ ഔദ്യോഗികകൃത്യങ്ങൾ നിർവ്വഹിക്കുക. യോഗനടപടികൾ മനഃപൂർവ്വം അലങ്കോലപ്പെടുത്തുന്നവരെ പുറത്താക്കുന്നതിനും വേണ്ടിവന്നാൽ യോഗത്തിന്റെ ഭൂരിപക്ഷ പിന്തുണ യോടെ അതിലേക്ക് ആവശ്യമായ ബലം പ്രയോഗിക്കുന്നതിനും അദ്ധ്യക്ഷന് അധികാരം ഉണ്ട് . യോഗത്തിൽ സംബന്ധിക്കുന്നതിന് ക്ഷണിക്കപ്പെട്ടു വന്നിരിക്കുന്ന ആളിനോട് പുറത്തു പോകണമെന്ന് എപ്പോഴും ആവശ്യപ്പെടാം. കാരണം, ആ യോഗത്തിൽ സംബന്ധിക്കുന്നത് ഒരു അവകാശം എന്ന നിലയിലല്ല. പുറത്തു പോകുന്നതിന് അയാൾ വിസമ്മതിച്ചാൽ അയാളെ ഒരു കൈയ്യേറ്റക്കാരനായി (Trespasser) പരിഗണിക്കാം. ഈ തത്ത്വം സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുവച്ചു നടത്തുന്ന പൊതു സമ്മേനങ്ങൾക്കും ബാധകമാണ്.

**(ശേഷം അടുത്ത ലക്കം)**



സ്നേഹസ്മരണയ്ക്ക്
ബിജോയ്
വാതല്ലൂർ
പൊൻകുന്നം
മരണം: 7 – 5 – 2014





STICKER HOUSE
P.P.ROAD, PONKUNNAM, Ph: 224789,
8086610003, 9447367689
stickerhousepkm@gmail.com
FLEX PRINTING
LASER PRINTING
LASER CUTTING
STICKER CUTTING | NUMBER PLATE
LED BOARDS | MUG PRINTING
MOMENTOS, PUNCHING NUMBER PLATES, STICKER WORKS,
BOARD WORKS, ACP BOARDS, WOOD FRAME BOARD Etc

INDIAN & CHINESE DISHES

മലയാളിക്കു പ്രിയമേറും
വിഭവക്കൂട്ടുകളുമായി...

# Brothers

## CATERINGS

**PONKUNNAM**

**Mob: 9447355094, 8547023355**
**9447283817**
**Resi: 04828 223355**

